ശ്രീ. ഈ. പി. പൗലോസ്: ഗ്രാമങ്ങളോടുള്ള എല്ലാ സംഘങ്ങൾക്കും ആവശ്യമുള്ള ക്രെഡിറ്റ് കൊടുക്കാനുള്ള ബുദ്ധിമുട്ടുകൊണ്ടാണ് സപ്ലീസ് സൊസൈറ്റികൾക്ക് ഈ ചുമതലകൊടുക്കുന്നത്. ജില്ലാ തലസ്ഥാനങ്ങളിലുള്ള സൊസൈറ്റികൾക്ക് കുറെ ക്രെഡിറ്റു കൊടുത്തിട്ടുണ്ട്. ഗ്രാമങ്ങളിലുള്ള എല്ലാ സൊസൈറ്റികൾക്കും ആവശ്യമുള്ള ക്രെഡിറ്റ് കൊടുക്കാൻ സാധിക്കുമോ എന്നുള്ള കാര്യം ഗവണ്മെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ഹസ്സൻ ഗനി : ഡിസ്ട്രിക്റ്റു കോവാപ്പറേറ്റീവ് സൊസൈറ്റികൾക്കു ഗവണ്മെന്റിൽനിന്നു നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ? ആ ആനുകൂല്യങ്ങൾ ചെറുകിട സൊസൈറ്റികൾക്ക് ലഭിക്കുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : ചെറുകിട സൊസൈറ്റികൾക്ക് അതായതു ജില്ലാ തലസ്ഥാനങ്ങളിലെ സൊസൈറ്റികൾക്ക് ആവശ്യമായി നൽകുന്ന ക്രെഡിറ്റിൽനിന്ന് കൊടുക്കുന്നതിനുള്ള ഏർപ്പാടുകളുണ്ട്, അവയുടെ കീഴിൽ 20 ശാഖാസ്റ്റോറുകളാണുള്ളതു്. നാട്ടിൻപുറങ്ങളിൽ സ്ഥാപിക്കുന്നതായ സ്റ്റോറുകൾക്ക് പരിമിതമായ രീതിയിൽ ലോണോ മറ്റോ കൊടുക്കുകയല്ലാതെ കൂടുതലായി കൊടുക്കുന്നതിനു് സാദ്ധ്യമല്ല.

ശ്രീ. പി. വി, കുഞ്ഞുണ്ണി നായർ : പ്രാദേശിക കൺസ്യൂമേഴ്സ് സൊസൈറ്റികൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് സംസ്ഥാന ജില്ലാ താലൂക്ക് അടിസ്ഥാനത്തിൽ കോവാപ്പറേറ്റീവ് സൊസൈറ്റികൾ ഇല്ലാത്തതുകൊണ്ട് വരുന്ന വിഷമത്തെ പരിഗണിച്ച് സംസ്ഥാന ജില്ലാ താലൂക്ക് അടിസ്ഥാനത്തിൽ ഹോംസെയിൽ കോവാപ്പറേറ്റീവ് സൊസൈറ്റികൾ തുടങ്ങാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : ജില്ലാ തലസ്ഥാനങ്ങളിലുള്ള കോവാപ്പറേറ്റീവ് സൊസൈറ്റികളുടെ കാര്യമാണ് ഞാൻ മുൻപു പറഞ്ഞതു്. അതിന്റെ കീഴിലുള്ള 20 ശാഖാസ്റ്റോറുകൾക്കാണ് ഇപ്പോൾ സപ്ലൈ ചെയ്യുന്നതു്. ബാക്കിയുള്ള സർവ്വീസ് കോവാപ്പറേറ്റീവ് സൊസൈറ്റികൾക്കും സാധനങ്ങൾ സപ്ലൈ ചെയ്യാൻ സാധിക്കുമോ എന്നുള്ള കാര്യം ആലോചിക്കാം.

ശ്രീ. സി. അച്യുതമേനോൻ : ഈ ഹോംസെയിൽ സൊസൈറ്റികൾ തന്നെ ചരക്കുകൾ വാങ്ങിക്കുന്നതു് എവിടെ നിന്നാണ്? അവർ സാധനങ്ങൾ വാങ്ങിക്കുന്നതു് ഓപ്പൺ മാർക്കറ്റിൽനിന്നാണോ ? അതോ അവർക്ക് ന്യായമായ വിലയ്ക്കു് സാധനങ്ങൾ സപ്ലൈ ചെയ്യാൻ വല്ല ഏർപ്പാടും ഗവണ്മെന്റ് ചെയ്തിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : ഇപ്പോൾ അവർ വെളിയിൽനിന്നു് അരി മുതലായ ചില സാധനങ്ങൾ വാങ്ങിക്കുന്നുണ്ട്. അല്ലു് അവർക്ക് കുറെ ബുദ്ധിമുട്ടാണ്. അതേപ്പറ്റി അവരിൽനിന്നു് ചില നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. മില്ലേഴ്സിൽനിന്നു് ചില സാധനങ്ങൾ വാങ്ങുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്തുകൊടുക്കുന്നതാണു്. ഇപ്പോൾ അവർ സാധനങ്ങൾ വാങ്ങിക്കുന്നതു് ഓപ്പൺ മാർക്കറ്റിൽ നിന്നാണ്.

പാൽ വിതരണം

* 597. [12] ശ്രീ. പി. സി. രാഘവൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലാകെ എത്ര പാൽ വിതരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടു് ; ജില്ലാ അടിസ്ഥാനത്തിലെത്ര ;

(ബി) പരിഷ്കരിച്ച രീതിയിലുള്ള പാസ്ചറൈസേഷൻ സംപ്രദായം നടപ്പാക്കിയതെവിടെയെല്ലാം ;

(സി) കോഴിക്കോട്ടെ പാസ്ചറൈസേഷൻ സ്കീമിനു് ഇതിനകം ചെലവഴിച്ച തുകയെത്ര ;

(ഡി) അതിന്റെ പ്രവർത്തനം ഇപ്പോൾ ഏതവസ്ഥയിലിരിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ആകെ 184 സംഘങ്ങൾ സ്റ്റോറിൽ പ്രവർത്തിക്കുന്നുണ്ട്.

തിരുവനന്തപുരം	67	തൃശ്ശൂർ	3
കൊല്ലം	25	പാലക്കാട്	9
ആലപ്പുഴ	19	കോഴിക്കോട്	31
കോട്ടയം	21	കണ്ണൂർ	9
എറണാകുളം	10		

(ബി) തിരുവനന്തപുരത്തുമാത്രം.

(സി) രൂപ 6,01,721.40

(ഡി) കെട്ടിടത്തിന്റെ പണികൾ പൂർത്തിയായി. പാസ്ചറൈ സേഷനുള്ള യന്ത്രോപകരണങ്ങൾ അധിക പങ്കും വാങ്ങിക്കഴിഞ്ഞു. അവ ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. 1964 മാർച്ച് മാസം അവസാനം പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കാമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പ് : തിരുവനന്തപുരം പാൽവിതരണകേന്ദ്രത്തിൽനിന്ന് അൻപതിനായിരത്തിൽപരം രൂപ ധനാപഹരണം നടത്തിയ ഒരു സംഭവം പത്രങ്ങളിൽകണ്ടു. ധനാപഹരണം നടത്തിയ ആളെ സസ്പെൻറുചെയ്തിരിക്കുന്നു എന്നും അയാളുടെ രണ്ടു കാറ് ജപ്തി ചെയ്തിരിക്കുന്നു എന്നും പത്രവാർത്ത കണ്ടു. ആ കേസ് ഇപ്പോൾ ഏതു നിലയിലാണിരിക്കുന്നത് ?

ശ്രീ. ഈ. പി. പൗലോസ് : അതു് ഇപ്പോൾ പോലീസിന്റെ ഇൻവെസ്റ്റിഗേഷനിലിരിക്കുകയാണ്. ചാർജ്ജ് കോർട്ടിൽ കൊടുത്തോ എന്നു ഇപ്പോൾ കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. സി. അച്യുതമേനോൻ : വളരെയധികം വ്യാവസായികമായും മറ്റും വളർന്നുകൊണ്ടിരിക്കുന്ന എറണാകുളം, കൊച്ചി ഏരിയായിൽ പാൽ വിതരണം നടത്തുന്നതിന് പ്രത്യേക വല്ല ഏർപ്പാടും ഉണ്ടോ ; അവിടെ പാസ്ച്ചറൈസേഷൻപ്ലാന്റ് സ്ഥാപിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം എത്രത്തോളം പൂർത്തിയായി ?

ശ്രീ. ഈ. പി. പൗലോസ് : പ്രവർത്തനം നടന്നുവരുന്നുണ്ട്. അതിന്റെ കെട്ടിടം പണിയൊക്കെ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : തിരുവനന്തപുരം പാൽവിതരണ കേന്ദ്രത്തിൽനിന്ന് ധനാപഹരണം നടത്തിയ ഈ ക്യാഷ്യർ എത്ര ജാമ്യം ഈ സൊസൈറ്റിക്ക് കൊടുത്തിരുന്നു എന്നു പറയാമോ ?

ശ്രീ. ഈ. പി. പൗലോസ് : അതു് എത്ര തുകയാണെന്നു ഇപ്പോൾ പറയുക സാദ്ധ്യമല്ല. പ്രത്യേകമായി ചോദിച്ചാൽ പറയാം.

ഇൻസ്ട്രുമെന്റ് പദ്ധതികളും ബോണസ് കുറികളും

* 598. [13] ശ്രീ. പി. കെ. അബ്ദുൽകാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറിന്റെ അനുവാദമില്ലാതെ പഴയ തിരുവിതാംകൂർ–കൊച്ചി അതിർത്തിയോട് തൊട്ടുകിടക്കുന്ന മലബാർ പ്രദേശത്ത് കുറികളും നടത്തുകയും പ്രധാനമായും തിരുവിതാംകൂർ–കൊച്ചി പ്രദേശത്തു നിന്നുള്ളവരെ കുറിയിൽ ചേർക്കുകയും ചെയ്യുന്ന ഏർപ്പാട് ഇപ്പോഴും നടക്കുന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ചാവക്കാട് താലൂക്കിലെ നാട്ടികയുടെ തെക്കൻ ഭാഗങ്ങളിൽ അത്തരം കുറികളും ധാരാളമായി നടപ്പിലിരിക്കുന്നതായും പൊതുജനങ്ങളും വഞ്ചിക്കപ്പെടുന്നതായുമുള്ള വിവരം ഗവണ്മെൻറ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

† Put by Shri. P. V. Kunhunni Nair

† Put by Shri. K. K. Viswanathan

LIBRARY ARCHIVES Kerala Legislative Assembly